മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - കൊച്ചി നഗരസഭ - ഇടപ്പള്ളി നോർത്ത് വില്ലേജ്- ആശുപത്രി കെട്ടിടം നിർമ്മാണം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊച്ചി നഗരസഭ സെക്രട്ടറിയുടെ 30/07/2020 തീയതിയിലെ EYP3/421/COC/EYP/1547/14 നമ്പർ കത്ത്.
2. എറണാകുളം സീനിയർ ടൗൺപ്ലാനറുടെ 30/12/2020, 09/03/2021 തീയതികളിലെ TCPEKM/589/2020/D നമ്പർ കത്തുകൾ.
3. ചീഫ് ടൗൺ പ്ലാനറുടെ 20/06/2016 ലെ C1/4893/16നമ്പർ കത്ത്.

---

കെട്ടിടനിർമ്മാണഅപേക്ഷവിഭാഗം

ഉത്തരവ്. നം. TCPCTP/87/2021/C3 തീയതി: 20/04/2021

---

എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ പരിധിയിലുള്ള ഇടപ്പള്ളി നോർത്ത് വില്ലേജിൽ Sy Nos: 32/5, 7, 8, 9, 10, 10-1, 12, 12-1 (RSy.no: 36/9, 11, 11-2, 12, 13, 14, 15, 18, 18-2, 18-3, 19-2, 21-2, 22, 22-2, 22-3, 22-4, 22-5) എന്നിവയിൽപ്പെട്ട 102.43 സെന്റ് സ്ഥലത്ത് 'സി' ഗണത്തിൽപ്പെടുന്ന 19683.583 ച.മീ വിസ്തീർണ്ണമുള്ളതും B1+B2+G+8+Terrace നിലകളുള്ളതുമായ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത 1, 2 കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.സി.കെ.നളിനി, മാനേജിംഗ് ട്രസ്റ്റി, എം.ബി.ആർ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, പുനഃസമർപ്പിച്ചിരിക്കുന്ന അപേക്ഷ, പരാമർശം 3 പ്രകാരം അറിയിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Structure plan for Central city- Kochi പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.എം.ബി.ആർ 1999 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട

രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഡി.എം.ഒ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ഫോഴ്സ് തുടങ്ങി ആവശ്യമായ മറ്റ് വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. കെ.എം.ബി.ആർ ചാപ്റ്റർ XVII പ്രകാരമുള്ള safety provisions പാലിച്ചിരിക്കേണ്ടതാണ്.
4. ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
6. നിർദ്ദിഷ്ട വസ്തുവിൽപുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
7. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കണം.
8. തൊഴിലാളികളുടെ താമസം, കുടിവെള്ളം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.
10. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഖമായി തിരിക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റ ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും, ശാരീരിക വൈകല്യമുള്ളവർക്കുള്ള പാർക്കിംഗ് സൗകര്യം ഗ്രൗണ്ട് നിരപ്പിൽ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
11. ശാരീരിക വൈകല്യമുള്ളവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
12. ചട്ട പ്രകാരം lighting & ventilation ലഭ്യമാകുന്നുണ്ടെന്നും fire escape stair ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.
13. നിർദ്ദിഷ്ട സ്ഥലത്ത് വികസന പ്രവർത്തനങ്ങൾ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിനും അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾക്കും/KLU order 1967 ന് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
14. പ്രസ്തുത സ്ഥാപനം മൂലമോ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
15. കെ.എം.ബി.ആർ-99-നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റുനിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
16. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

17. പെർമിറ്റിനുവേണ്ടി പുതുക്കി സമർപ്പിച്ച ഷീറ്റ് നമ്പർ 1 & 2 എന്നിവ നഗരസഭയിൽ സമർപ്പിക്കേണ്ടതും നഗരസഭ അവ പരിശോധിച്ച ആവശ്യമായ ഒപ്പും സീലും പതിച്ചിരിക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ ഔട്ട്/നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2021.04.20 15:10:48 IST
Reason: Approved

ജയശ്രീ. പി. ആർ.
ടൗൺപ്ലാനർ

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

സീനിയർ ടൗൺപ്ലാനർ, എറണാകുളം

പകർപ്പ്:-

1. ശ്രീമതി.സി.കെ നളിനി, മാനേജിംഗ് ട്രസ്റ്റി, എംബിആർ മെഡിക്കൽ ട്രസ്റ്റ് സ്പെഷ്യൽ ഹോസ്പിറ്റൽ, എറണാകുളം നോർത്ത്, കൊച്ചി 18.
2. സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ, എറണാകുളം,കൊച്ചി-682011
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr16042021